# Acamprosate

പേര് (Generic) : അകാംപ്രോസേറ്റ് ( Acamprosate)

Common Brand Names : Acamprol, Acamptass

General category: Anticraving agent.

## ചരിത്രം :

1980 കളുടെ അവസാന കാലഘട്ടം മുതൽ മദ്യപാനം നിർത്തുന്നതിന്റെ ഭാഗമായുള്ള ചികിത്സക്ക് ഫലപ്രദമായി ഉപയോഗിച്ചുവരുന്നു . ഇവ തലച്ചോറിലെ പ്രത്യേക സംവേദന തന്ത്രികളിൽ ഗ്ലൂട്ടമേറ്റിന്റെ അളവിൽ വ്യതിയാനം വരുത്തുന്നു. ഈ മരുന്ന് ജനറിക് ആയി ലഭ്യമാണ്. (വ്യത്യസ്ത കമ്പനികൾ ഈ മരുന്നുണ്ടാക്കി മാർക്കറ്റിൽ ലഭ്യമാക്കുന്നു).

## പ്രധാന ഉപയോഗം എന്താണ് ?

മദ്യപാനം നിർത്തുന്നതിന്റെ ഭാഗമായിട്ടുള്ള ചികിത്സ .ഈ മരുന്ന് മദ്യത്തിനോടുള്ള ആസക്തി കുറയ്ക്കുന്നു.

## എങ്ങനെയാണ് ഈ മരുന്ന് പ്രവർത്തിക്കുന്നത് ?

മരുന്ന് രക്തത്തിലൂടെ തലച്ചോറിൽ എത്തുന്നു. ചിന്തകളുടേയും വികാരങ്ങളുടേയും പ്രവർത്തികളുടേയും അടിസ്ഥാനമായ തലച്ചോറിലെ സർക്യൂട്ടുകളിൽ മരുന്ന് മാറ്റങ്ങൾ വരുത്തുന്നു. ഈ മാറ്റങ്ങൾ മദ്യത്തിനോടുള്ള ആസക്തി കുറയ്ക്കുന്നു.

## കഴിക്കും മുൻപ് നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

ഈ മരുന്നു കഴിച്ച് എന്തെങ്കിലും അലർജിയോ കഠിനമായ പാർശ്വഫലങ്ങളോ പണ്ടുണ്ടായിട്ടുണ്ടെങ്കിൽ അക്കാര്യം ഡോക്ടറോട് പറയണം. ഗർഭിണികളും പാലൂട്ടുന്ന അമ്മമാരും ഇക്കാര്യം ഡോക്ടറെ ഓർമ്മപ്പെടുത്തണം. പ്രായമായവരിലും കരൾ പ്രവർത്തനം തകരാറിലായവരിലും അളവ് കുറക്കേണ്ടി വരുമെന്ന് ഓർമിക്കണം .

© Institute for Mind and Brain (Inmind), Thrissur: 04884239000.

## ഈ മരുന്ന് നിർദ്ദേശിക്കുന്നതിനു മുൻപേ നിങ്ങളുടെ ഡോക്ടർ എന്തൊക്കെ വിലയിരുത്തും ?

നിങ്ങളുടെ ശാരീരിക ആരോഗ്യം ഡോക്ടർ വിലയിരുത്തും. നിങ്ങൾ കഴിക്കുന്ന മറ്റു മരുന്നുകളും ഡോക്ടർ വിശകലനം ചെയ്യും. കരൾ രോഗം ഉള്ളവരിൽ മരുന്നു തുടങ്ങുന്നതിനു മുൻപേ പ്രത്യേക പരിശോധനകൾ ആവശ്യമായി വരാം .

## ഈ മരുന്ന് കഴിക്കാൻ തുടങ്ങുന്നത് ഒട്ടും അഭികാമ്യമല്ലാത്തത് എപ്പോൾ?

1. മരുന്നിനോട് പ്രത്യേക അലർജിയുണ്ടെങ്കിൽ.
2. കരളിന്റെ പ്രവർത്തനത്തിൽ കാര്യമായ തകരാറുണ്ടെങ്കിൽ.
3. വൃക്കയുടെ പ്രവർത്തനത്തിൽ കാര്യമായ തകരാറുണ്ടെങ്കിൽ.
4. ഗർഭിണികളിലും മുലയൂട്ടുന്നവരിലും .

## മരുന്നിന്റെ ഡോസ് എങ്ങനെയാണ് ?

333 mg ന്റെ ഗുളികയാണ് സാധാരണ ലഭിക്കാറുള്ളത്. 60 kg-യിൽ കൂടുതൽ തൂക്കം ഉള്ളവരിൽ അത് 2 എണ്ണം വീതം 3 നേരമായാണ് കഴിക്കേണ്ടത്. 60 kg-യിൽ കുറവാണു തൂക്കമെങ്കിൽ ഒരെണ്ണം വീതം 3 നേരം കഴിച്ചാൽ മതി.

മദ്യപാനം നിർത്തുന്നതിന്റെ ഭാഗമായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയുമ്പോൾ തന്നെ ഈ മരുന്ന് കൊടുത്തു തുടങ്ങേണ്ടതാണ്. മരുന്ന് കഴിച്ചുകൊണ്ടിരിക്കെ രോഗി വീണ്ടും മദ്യപിക്കുകയാണെങ്കിൽക്കൂടെയും മരുന്ന് നിർത്താതെ തുടരേണ്ടതാണ്.

## ഈ മരുന്ന് ഏതെല്ലാം രൂപത്തിൽ ലഭ്യമാണ് ?

ഗുളിക രൂപത്തിലാണ് സാധാരണ ലഭിക്കാറുള്ളത്.

## സാധാരണ കഴിക്കുന്ന രീതി എന്താണ് ?

മൂന്ന് നേരമായാണ് കഴിക്കേണ്ടത്.

## സാധാരണ പാർശ്വഫലങ്ങൾ എന്തൊക്കെ ?

പലപ്പോഴും യാതൊരു വിധ പ്രശ്നങ്ങളും ഉണ്ടാകാറില്ല. ആരംഭിച്ച് ആദ്യത്തെ ഒരു ആഴ്ചയ്ക്കകം ഛർദ്ദിക്കുള്ള പ്രവണത, വയറു വേദന, ഛർദ്ദി, വയറിളക്കം എന്നിവ പലപ്പോഴും കാണാം. എന്നാൽ കുറച്ചുദിവസത്തിനകം തന്നെ ഇവ മെച്ചപ്പെടാറുണ്ട്.

## ഡോക്ടറെ ഉടൻ അറിയിക്കേണ്ട സന്ദർഭങ്ങൾ എന്തൊക്കെ ?

അപൂർവ്വമായി കാണുന്ന ചില പ്രയാസങ്ങൾ ആണിവ. അപൂർവ്വം എങ്കിലും അപകടകരമായതിനാൽ ഇവ എടുത്തു പറയുന്നു എന്ന് മാത്രം.

© Institute for Mind and Brain (Inmind), Thrissur: 04884239000.

1. ശാരീരികമായ കടുത്ത അസ്വസ്ഥതകൾ.
2. മരുന്ന് തുടങ്ങി അധികം കഴിയാതെ കടുത്ത ചൊറിച്ചിൽ, വായക്ക് അകവും പുറവും തൊലി ചുവന്നുവരിക, തൊലി പൊട്ടുക തുടങ്ങിയവ മരുന്നിനോടുള്ള അലർജി ആവാം.

ഇത്തരം പ്രയാസങ്ങൾ ഏതെങ്കിലും കണ്ടാൽ മരുന്ന് നിർത്തി ഉടനെ തന്നെ ഡോക്ടറുമായി ബന്ധപ്പെടണം.

### സാധാരണ പാർശ്വഫലങ്ങൾ  കണ്ടാൽ എന്ത് ചെയ്യണം ?

സാധാരണയായി കാണുന്നവ കുറച്ച് ദിവസങ്ങൾക്കുള്ളിൽ കുറയുകയും അപ്രത്യക്ഷമാവുകയും ചെയ്യും. ശരീരം മരുന്നിനോട് പൊരുത്തപ്പെടുവാൻ ചിലപ്പോൾ കുറച്ച് ദിവസങ്ങൾ എടുത്തേക്കാം. അങ്ങനെ കുറയുന്നില്ല എങ്കിൽ ചിലപ്പോൾ ഡോസ് കുറക്കേണ്ടി വരും. ചിലപ്പോൾ അനുഭവപെടുന്ന പ്രയാസങ്ങൾ മാനസിക പ്രശ്നത്തിന്റെ തന്നെ ഭാഗമാണോ എന്നും നോക്കണം .

### ഗർഭിണികൾക്ക് കഴിക്കാമോ ?

ഗർഭകാലത്ത് ഈ മരുന്ന് ഒഴിവാക്കുകയാണ് നല്ലത്.

### പാലൂട്ടുന്ന അമ്മമാർക്ക് കഴിക്കാമോ?

പാലിൽ ഈ മരുന്ന് വന്നേക്കാം. മുലയൂട്ടുന്നവർ ഈ മരുന്ന്  ഒഴിവാക്കേണ്ടതാണ്..

### കഴിക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ ?

ഭക്ഷണം മരുന്നിനെ ബാധിക്കില്ല . മദ്യപാനവും പുകവലിയും ഒഴിവാക്കണം. നിർദ്ദേശിച്ച അളവിൽ മാത്രം മരുന്ന് കഴിക്കുക.

### മരുന്ന് സൂക്ഷിക്കേണ്ട വിധം

2 5 ഡിഗ്രിക്ക് താഴെയുള്ള താപനിലയിൽ സൂക്ഷിക്കുക.

### എത്ര കാലം മരുന്ന് കഴിക്കണം ?

ഡോക്ടർ പറയാതെ നിർത്തരുത്. ഇത് രോഗം വീണ്ടും പ്രത്യക്ഷപ്പെടുവാൻ ഇടയാക്കിയേക്കാം. സാധാരണയായി ഒരു വർഷമാണ് മരുന്ന് തുടരാൻ ഡോക്ടർ നിർദ്ദേശിക്കാറുള്ളത്. ഈ മരുന്ന് കൊണ്ട് പ്രതീക്ഷിച്ച ഗുണം കിട്ടിയില്ലെങ്കിൽ അക്കാര്യം ഡോക്ടറുമായി ചർച്ച ചെയ്യുക. മരുന്ന്, ഡോക്ടർ നിർദ്ദേശിക്കുന്ന അവസരത്തിൽ തന്നെ നിർത്തുകയും ചെയ്യണം. തുടർന്ന് കഴിച്ചുകൊണ്ടിരിക്കരുത്.

### ഈ മരുന്ന് ഉപയോഗിക്കുന്നവർ  ഇതിനു ' അഡിക്റ്റ്ഡ് ' ആകുമോ ?

© Institute for Mind and Brain (Inmind), Thrissur: 04884239000.

ഇത് വളരെ സാധാരണമായ സംശയം തന്നെയാണ് . ഈ മരുന്ന് ഉപയോഗിക്കുന്നത് വഴി ഇതിനു 'അഡിക്റ്റഡ്' ആകുവാൻ സാദ്ധ്യത ഒരിക്കലുമില്ല. എങ്കിലും ഡോക്ടറുടെ നിർദ്ദേശ പ്രകാരം മാത്രമേ ഈ മരുന്ന് ഉപയോഗിക്കാവൂ. ഇത് നിർത്തുന്നതും ഡോക്ടറുടെ ഉപദേശ പ്രകാരം ഡോസ് ക്രമേണ കുറച്ചു തന്നെയായിരിക്കണം .

### ഈ മരുന്ന് എനിക്ക് സ്വയം ഉപയോഗിക്കാമോ ?

വൈദ്യോപദേശ പ്രകാരം മാത്രം ഉപയോഗിക്കപ്പെടേണ്ട ഒരു ' prescription only ' മരുന്നാണ് ഇത്. ഈ മരുന്ന് ഉപയോഗിക്കുന്നതിന്റെ ഔചിത്യം, യുക്തി, ശാരീരികമാനസിക ഫലങ്ങൾ പാർശ്വഫലങ്ങൾ എന്നിവ വിശദമായി വിലയിരുത്തി മാത്രമായിരിക്കും ഡോക്ടർ ഇത് നിർദ്ദേശിക്കുന്നത് .

© Institute for Mind and Brain (Inmind), Thrissur: 04884239000.